**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1003** **02-02-2026 - ൽ മറുപടിയ്ക്ക്**

**പാലോട് റെയ്ഞ്ചിലെ ജണ്ട നിർമ്മാണത്തിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം വന ഡിവിഷനിൽ പാലോട് റെയ്ഞ്ചിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ജണ്ട നിർമ്മാണ അഴിമതിയുമായി ബന്ധപ്പെട്ട് 15.03.2025-ൽ കോട്ടയം വന വിജിലൻസ് വിഭാഗം കൺസർവേറ്റർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം എത്ര രൂപയുടെ നഷ്ടമാണ് തിട്ടപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | **തിട്ടപ്പെടുത്തിയിട്ടില്ല. സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത റിപ്പോർട്ടിൽ നിർമ്മാണം നടത്താത്ത 218 ജണ്ടകളുടെ നിർമ്മാണ ചെലവിന് തുക അനുവദിച്ചതിന്റെ വിവരങ്ങളും അപ്രകാരമുണ്ടായ വനഭൂമി നഷ്ടവും ഒഴിവാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (സി) | ജണ്ട നിർമ്മാണ അഴിമതിയുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് എൻ. ഒ. സി നൽകിയ ഉദ്യോഗസ്ഥർ ആരൊക്കെയെന്ന് വെളിപ്പെടുത്താമോ? | (സി) | **ശ്രീ.കെ.ഐ.പ്രദിപ്കുമാർ ഐഎഫ് എസ് -ൽ നിന്നും 08-08-2023 ജി. ഒ (പി) നമ്പർ 46/2023/ ഫിൻ- ൽ നിഷ്കർഷിച്ചിട്ടുള്ള അനക്സർ -2 (a) പ്രകാരമുള്ള സമ്മതപത്രം (on Stamp paper of denomination Rs.200/-) ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 17-09-2025-ലെ AISB1/63/2025-GAD പ്രകാരം നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് സർക്കാർ നൽകിയിട്ടുണ്ട്.**<br><br>**2. സർക്കാർ നഷ്ടം തിട്ടപ്പെടുത്തുന്ന മുറയ്ക്ക് കണ്ടെത്തുന്ന ബാധ്യത ഒടുക്കിക്കൊള്ളാം എന്നുള്ള സാക്ഷ്യപത്രം ശ്രീ. ബാലചന്ദ്രൻ നായർ നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാന് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് സർക്കിൾ കൺസർവേറ്റർ നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ